## പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5247

26.03.2018–ന് മറുപടിയ്ക്ക്

## കതിരൂർ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ. എൻ. ഷംസീർ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ കതിരൂർ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിനെ വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശം അനുസരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് 3 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച ഡി.പി.ആർ ന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) കിഫ്ബി മുഖേനയുള്ള മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിനായി തലശ്ശേരി നിയോജക മണ്ഡലത്തിലെ കതിരൂർ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിനെ തെരഞ്ഞെടുക്കുകയും അപ്രകാരം സർക്കാർ അംഗീകൃത ഏജൻസിയായ 'കിറ്റ്കോ' തയ്യാറാക്കിയിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 5.51 കോടി രൂപയ്ക്കുള്ള (അഞ്ചുകോടി അമ്പത്തൊന്ന് ലക്ഷം രൂപ) ഭരണാനുമതി നൽകുകയും മൂന്നുകോടി രൂപയ്ക്കുള്ള കിഫ്ബി ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) ആയതിന്റെ ഭരണാനുമതി എന്ന് ലഭ്യമാവും എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ